**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ കല്പറ്റ നഗരസഭയ്ക്ക് കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷനിൽ നിന്ന് ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്കായി പലിശ രഹിത വായ്പ എടുക്കുന്നതിന് നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2368/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി: 24/09/2013.**

---

പരാമർശം:- 1. സ.ഉ. (കൈയ്യെഴുത്ത്) നം. 147/ 12009/തസ്വഭവ തീയതി 29/07/2009.
2. സ.ഉ. (സാധാ) 365/2013/തസ്വഭവ തീയതി 11/02/2013.
3. നഗരകാര്യ ഡയറക്ടറുടെ 18.03.20103, 16/08/2013 ലെ തീയതികളിലെ ഡി.സി.3/2190/13 നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനകാര്യ സ്ഥാപങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ നിജപ്പെടുത്തിയിട്ടുണ്ട്. പരാമർശം 2 ലെ സർക്കാർ ഉത്തരവിൽ കല്പറ്റ നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണത്തിനായി കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് പലിശ രഹിത വായ്പയായി 26,48,026/ (ഇരുപത്തിയാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിന് കെ.യു.ആർ.ഡി.എഫ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം മൂന്നിലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ കേരള ലോക്കൽ അതോറിറ്റിസ് ലോൺ അക്ട് സെക്ഷൻ 3 പ്രകാരം കല്പറ്റ നഗരസഭയ്ക്ക് പ്രസ്തുത വായ്പ എടുക്കുന്നതിന് സർക്കാരിന്റെ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിന്റെയും, നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലും, പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും കല്പറ്റ നഗരസഭ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് അനുവദിച്ച വായ്പ തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ, നഗരസഭയ്ക്ക് ലഭിയ്ക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ നേരിട്ട് കുറവ് വരുത്തി കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷന് അടയ്ക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കല്പറ്റ നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണ ആവശ്യത്തിന് മാലിന്യ സംസ്കരണ സ്ഥലത്തേക്ക് റോഡ് നിർമ്മിയ്ക്കുന്നതിനും, ടാങ്കറോട് കൂടിയ ട്രാക്ടർ വാങ്ങുന്നതിനുമായി, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 26,48,026/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) പലിശ രഹിത വായ്പയായി എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റിസ് ലോൺ ആക്ട് സെക്ഷൻ 3 പ്രകാരം കല്പറ്റ നഗരസഭ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

ജെ. സ്റ്റാൻലി

ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്, **തിരുവനന്തപുരം,**
2. മാനേജിംഗ് ഡയറക്ടർ**,** കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷൻ

3. സെക്രട്ടറി, കല്പറ്റ നഗരസഭ, വയനാട്.
4. ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ് തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ട ന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പാങ്ങപ്പാറ,തിരുവനന്തപുരം **(തദ്ദേശ സ്വയംഭരണ (ഐ.എ) വകു** പ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി)
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**